പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

11.07.2016 -ൽ മറുപടിക്ക്

ചോദ്യം നം. 996

## തീരദേശ മേഖലയിലെ മാലിന്യ പ്രശ്നം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എം. മുകേഷ്** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കാഷ്യു വ്യവസായവും വകുപ്പമന്ത്രി) |
| എ) | കൊല്ലം ജില്ലയിലെ തീരദേശ മേഖലകളിൽ, നഗര പ്രദേശ ങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ കൊണ്ടുവന്നു നിക്ഷേപിക്കുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | തീരദേശ മേഖലയിലെ മാലിന്യ സംസ്കരണത്തിനായി ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | ബി) | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13 ൽ ഉൾപ്പെടുത്തി കൊല്ലം കോർപ്പറേഷനിലെ തങ്കശ്ശേരിയിൽ തുമ്പൂർ മൂഴി മാതൃകയിലുള്ള എയറോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിന് 20.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണ ത്തിനായി കൊല്ലം കോർപ്പറേഷന് പദ്ധതി തുക കൈമാറുകയും ചെയ്തു. കൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14 ൽ ഉൾപ്പെടുത്തി അടിമലത്തുറയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപി ക്കുന്നതിനായി 28.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയ്ക്കായി സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. മേൽ പദ്ധതികൾ കേരള |

| | | | |
|---|---|---|---|
| | | | സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. |
| സി) | തങ്കശ്ശേരി ഹാർബറിലെ മാലിന്യ സംസ്കരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ ; | സി) | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി കൊല്ലം കോർപ്പറേഷനിലെ തങ്കശ്ശേരിയിൽ എയറോബിക് ബിന്നുകൾ സ്ഥാപിക്കുന്നതുവഴി തങ്കശ്ശേരി ഹാർബറിലെ മാലിന്യ സംസ്ക്കരണത്തിന് ഒരു പരിധി വരെ പരിഹാരം കാണുന്നതാണ്.<br>തങ്കശ്ശേരി ഹാർബറിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി കൊല്ലം കോർപ്പറേഷൻ മുഖാന്തിരം ജൂലൈ 1 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ വീടുകളിലും ഉണ്ടാകുന്ന പ്ലാസ്റ്റിക് ജൈവ- ഖര മാലിന്യങ്ങൾ തരം തിരിച്ച് നിക്ഷേപിക്കാൻ ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| ഡി) | തങ്കശ്ശേരി ഹാർബറിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപടി സ്വീകരിക്കുമോ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | തങ്കശ്ശേരി ഹാർബർ സംരക്ഷണത്തിനായി ആവശ്യമായ ചുറ്റുമതിൽ സ്ഥാപിക്കാനും മാലിന്യ നിക്ഷേപം തടയുന്നതിനായി നിരീക്ഷണ ക്യാമറ, പോലീസ് ബീറ്റ് എന്നിവ സ്ഥാപിക്കുന്നതിനും, കൊല്ലം കോർപ്പറേഷൻ, ഫിഷറീസ് വകുപ്പ്, ക്ലീൻ കേരള പ്രോജക്ട് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള കാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ